## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 32 — 27.06.2011-ൽ മറുപടിയ്ക്ക്

### മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും ഓഫീസുകളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

(എ) സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെയും, മന്ത്രിമാരുടെയും ഓഫീസുകൾ 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 24 മണിക്കൂറും ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) രാത്രികാലങ്ങളിലേതുൾപ്പെടെ ഓഫീസുകളുടെ പ്രവർത്തന സംവിധാനങ്ങൾ പൊതുജനങ്ങളിലെത്തിക്കാൻ വെബ് ക്യാമറ സംവിധാനങ്ങൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ?

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

(എ) യും (ബി) യും

മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി കോൾ സെന്റർ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റിലെ നോർത്ത് ബ്ലോക്കിലെ ഏറ്റവും മുകളിലത്തെ നിലയിൽ കോൾ സെന്റർ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത കോൾ സെന്ററിൽ പ്രാരംഭമായി ഒരു ഫാക്സ്, രണ്ട് ടെലഫോൺ, ഒരു കമ്പ്യൂട്ടർ എന്നിവ ക്രമീകരിക്കുന്നതാണ്.

രാവിലെ 7 മണി മുതൽ ഉച്ചതിരിഞ്ഞ് 3 മണി വരെ, ഉച്ചതിരിഞ്ഞ് 3 മണി മുതൽ രാത്രി 11 മണി വരെ, രാത്രി 11 മണി മുതൽ രാവിലെ 7 മണി വരെ - എന്നിങ്ങനെ 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

(സി) മുഖ്യമന്ത്രിയുടെ ഓഫീസിന്റെ പ്രവർത്തനം വെബിലൂടെ തൽസമയ സംപ്രേഷണം ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(. . . .2)

(ഡി) . എങ്കിൽ സെക്രട്ടേറിയറ്റിന്റെ പൊതു നിയന്ത്രണവും സുരക്ഷയും സംബന്ധിച്ച കാര്യങ്ങളിൽ എന്തെല്ലാം നിലയിലുള്ള മാറ്റങ്ങളാണ് വരുത്താൻ തീരുമാനിച്ചിട്ടുള്ളത് ;

ഡി) സെക്രട്ടേറിയറ്റിലെ സന്ദർശക സമയം ഉച്ചയ്ക്ക് 3 മണി മുതൽ 5 മണി വരെ ആയിരിക്കും. അനുവദിക്കപ്പെട്ട വാഹനങ്ങൾ മാത്രമേ സെക്രട്ടേറിയറ്റിനുള്ളിൽ പ്രവേശിപ്പിക്കാൻ പാടുള്ളൂ. നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രമേ പാർക്കിംഗ് അനുവദിക്കുകയുള്ളൂ. ജീവനക്കാർ നിർബന്ധമായും ഐഡന്റിറ്റി കാർഡ് കൈവശം വച്ചിരിക്കണം, അട്ടിമറി ശ്രമങ്ങൾ തടയുന്നതിന് HHMD/DFMD ഉപയോഗിച്ച് പരിശോധന നടത്തുന്നതാണ്. മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും ഓഫീസുകൾക്കുള്ള സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തും, CC ക്യാമറ ഉപയോഗിച്ചുള്ള നിരീക്ഷണം ശക്തിപ്പെടുത്തുന്നതാണ്, അനാവശ്യമായി ആരെയും സെക്രട്ടേറിയറ്റ് കാമ്പസിനുള്ളിൽ ചുറ്റിത്തിരിയാൻ അനുവദിക്കുകയില്ല എന്നീ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(ഇ) 24 മണിക്കൂറും പ്രവർത്തിപ്പിക്കുന്നതിനായി ജീവനക്കാരുടെയും മറ്റ് സംവിധാനങ്ങളുടെയും കാര്യത്തിൽ വർദ്ധനവ് വരുത്താനുദ്ദേശിക്കുന്നുണ്ടോ ?

ഇ) ഉണ്ട്.

L

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം - സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതി - മുഖ്യമന്ത്രിയുടെ ഓഫീസ് - 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ സംവിധാനം ഒരുക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുഭരണ (ഏകോപന) വകുപ്പ്

സ.ഉ (ആർ.ടി)നം. 4565 /11/പൊ.ഭ.വ തീയതി, തിരുവനന്തപുരം, 20/06/2011.

---

ഉത്തരവ്

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഇനം നമ്പർ 9 ആയി അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യം മുഖ്യമന്ത്രിയുടെ ഓഫീസ് 24 മണിക്കൂറും പ്രവർത്തിക്കുമെന്നതാണ്. ഇതിലേയ്ക്കായി കോൾ സെന്റർ രൂപീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സെക്രട്ടേറിയറ്റിലെ നോർത്ത് ബ്ലോക്കിലെ ഏറ്റവും മുകളിലത്തെ നിലയിൽ കോൾ സെന്റർ സജ്ജീകരിക്കേണ്ടതാണ്. പ്രസ്തുത കോൾ സെന്ററിൽ പ്രാരംഭമായി ഒരു ഫാക്സ്, രണ്ട് ടെലഫോൺ, ഒരു കമ്പ്യൂട്ടർ എന്നിവ പൊതുഭരണ (ഹൗസ്കീപ്പിംഗ്) വകുപ്പ് ക്രമീകരിക്കേണ്ടതാണ്.

രാവിലെ 7 മണി മുതൽ ഉച്ചതിരിഞ്ഞ് 3 മണി വരെ, ഉച്ചതിരിഞ്ഞ് 3 മണി മുതൽ രാത്രി 11 മണി വരെ, രാത്രി 11 മണി മുതൽ രാവിലെ 7 മണി വരെ - എന്നിങ്ങനെ 8 മണിക്കൂർ വീതമുള്ള 3 ഷിഫ്റ്റുകളിലായി പ്രവർത്തിപ്പിക്കുന്നതിന് താഴെപ്പറയും പ്രകാരമുള്ള സംവിധാനം ഏർപ്പെടുത്തി ഉത്തരവാകുന്നു.

ഓരോ ഷിഫ്റ്റിലും രണ്ട് പേർ വീതം ഫോൺ അറ്റന്റ് ചെയ്ത് അതു രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമുള്ള രണ്ടു പേരെ എൽ.ഡി.സി. തസ്തികയിലും ഓരോ പ്യൂണിനെയും കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും ഓരോ

(....2)

ഷിഫ്റ്റിലും ഈ ജോലി സൂപ്പർവൈസ് ചെയ്യുന്നതിന് **സെക്ഷൻ ഓഫീസർ** റാങ്കിലുള്ള ഓരോ ഉദ്യോഗസ്ഥരെ (3 പേർ) വർക്കിംഗ് അറേഞ്ച്മെൻറ്/ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനും പ്രത്യേകം ഉത്തരവാകുന്നതാണ്. **ലഭിക്കുന്ന പരാതികൾ രജിസ്റ്റർ ചെയ്ത് മുഖ്യ** മന്ത്രിയുടെ ഓഫീസിൽ എത്തിക്കുന്നതും **അതിന്മേലുള്ള തുടർ നടപടികൾ** ത്വരിതപ്പെടുത്തുന്നതും പ്രസ്തുത സൂപ്പർവൈസറി ഓഫീസർ നടത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**കെ.ആർ. ജ്യോതിലാൽ**
സെക്രട്ടറി

പൊതുഭരണ (ഹൗസ്കീപ്പിംഗ് സെൽ) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (സർവ്വീസസ്-ഇ/എ/സി) വകുപ്പ് (ആവശ്യമായ നടപടികൾക്കായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

സെക്ഷൻ ഓഫീസർ